LIBRARY ARCHIVES Kerala Legislative Assembly

നിയമനം

*൩൭൩. (൫) ശ്രീ. വി. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) മന്ത്രിമാരുടെ ആരുടെയെങ്കിലും ബന്ധുക്കളെ അവർ മന്ത്രിമാരായതിനുശേഷം ഗവണ്മെണ്ടുദ്യോഗത്തിൽ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ പേരും ഉദ്യോഗവും എന്താണ്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ)-യും (ബി)-യും ചോദ്യം ഈ രൂപത്തിൽ വളരെ അവ്യക്തമാണ്. അതുകൊണ്ട് ഉത്തരം പറയുക സാധ്യമല്ല.

കരിമ്പുകൃഷി

*൩൭൪. (൩) ശ്രീ. വി. കെ. വല്ലീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഒരേക്കർ സ്ഥലത്തു കരിമ്പുകൃഷി ചെയ്യുന്നതിന് എന്തു ചിലവുണ്ട്;

(ബി) ഒരേക്കർ കരിമ്പുകൃഷി സ്ഥലത്തുനിന്നും എത്ര തുലാം ശർക്കര കിട്ടും;

(സി) ഒരു തുലാം ശർക്കരക്ക് എന്തുവിലയുണ്ട്?

വിദ്യാഭ്യാസവും ക്ഷേമവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) മാരോ സ്ഥലത്തേയും പരിതഃസ്ഥിതിയനുസരിച്ചു കൃഷിച്ചിലവു വ്യത്യസ്തപ്പെട്ടിരിക്കും. ഏക്കറിന് ചിറ്റൂർ താലൂക്കിൽ ഫ്രഞ്ച് രൂപായും തിരുവല്ല താലൂക്കിൽ ഉറുപ്പ്യ രൂപായും പമ്പാ ഷുഗർ ഫാക്ടറിക്കാരുടെ കണക്കനുസരിച്ചു ന്യൂയ രൂപയും ചിലവാകുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) കൃഷിസ്ഥലത്തിന്റെ നന്മതിന്മയേയും കൃഷിയുടെ രീതിയേയും അനുസരിച്ചായിരിക്കും ശർക്കരകിട്ടുന്നതു്. ഉദ്ദേശം ൨൫൦ മുതൽ ൩൦൦ തുലാം വരെ ശർക്കര ഒരേക്കർ സ്ഥലത്തുനിന്നും ലഭിക്കുന്നതാണ്.

(സി) ഒരു തുലാത്തിന് (൨൫ വ്യ) പൗണ്ടു്) ഏകദേശം വ്യത്യസ്ത വിലയുണ്ട്.

STATE FORCES

*365. [7] **Sri. K. Ramachandran:** May I know from the Hon'ble Chief Minister the number of persons released from the State Forces recenlly and what Government are proposing to do in rehabilitating these displaced persons?

Chief Minister (**Sri. C. Kesavan**): 10 Officers and 1484 Other Ranks including civilians have been released. 16 Officers and 569 Other Ranks including 64 civilians are proposed to be retrenched in the near future.

Ten Officers and more than 100 Other Ranks have been absorbed in State Service. The Government of India have been requested to absorb the other surplus personnel and the Public Service Commission has been requested to give preference to these men in future selections for State Services. Government is also thinking of leasing out land for purposes of food production.

*366 * * * *

ദാമോദരൻ പിള്ളയുടെ മരണം

*൩൭൫. (ശ്രീ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—